.

# സർക്കുലർ

200(1)/NSS/DHSE/2014 04/12/2014

ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീമിന്റെ ഈ വർഷത്തെ സപ്തദിന സഹവാസ സ്പെഷ്യൽ ക്യാമ്പ് **2014 ഡിസംബർ 20 ,21 22 തീയതികളിൽ** ആരംഭിക്കാവുന്നതാണ്. സ്പെഷ്യൽ ക്യാമ്പിനു മുന്നോടിയായി യൂണിറ്റിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട വോളണ്ടിയേഴ്സിന് ജില്ലാ തലത്തിൽ പ്രീക്യാമ്പ് ഓറിയന്റേഷൻ നടത്തേണ്ടതാണ്.

താഴെക്കൊടുത്തിരിക്കുന്ന 5 വിഷയങ്ങൾ ഏതെങ്കിലും ഒന്ന് പൊതുവിഷയമായി തെരഞ്ഞെടുക്കാം. ക്യാമ്പ് നോട്ടീസിലും ഇക്കാര്യം രേഖപ്പെടുത്തണം.

1. ശുചിത്വഭാരതം-സുന്ദരഭാരതം- മാലിന്യനിർമ്മാർജ്ജന പരിപാടി
2. ആരോഗ്യരംഗം
3. പരിസ്ഥിതി സംരക്ഷണം
4. ഗ്രാമീണ വികസനം
5. വിദ്യാഭ്യാസവും തൊഴിൽ നൈപുണ്യം

തെരഞ്ഞെടുത്ത വിഷയത്തെ ആധാരമാക്കി കായിക പ്രവർത്തനങ്ങളും ബോധവൽക്കരണ കർമ്മ സർഗ്ഗപ്രവർത്തനങ്ങളും കണ്ടെത്തി സമന്വയിപ്പിക്കണം.എല്ലാ ദിവസവും ഉച്ചവരെ കായികകർമ്മ പരിപാടികൾക്കായി നീക്കി വയ്ക്കണം. ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ ഈ വർഷത്തെ സപ്തദിന സഹവാസ ക്യാമ്പിൽ നടപ്പിലാക്കേണ്ട പദ്ധതികൾ

**<u>ശുചിത്വഭാരതം-സുന്ദരഭാരതം- മാലിന്യനിർമ്മാർജ്ജന പരിപാടി</u>**

കേരളം നേരിടുന്ന ഏറ്റവും രൂക്ഷമായ മാലിന്യപ്രശ്ന പരിഹാരത്തിനായി എല്ലാ എൻഎസ്എസ് വോളണ്ടിയർമാരും ആത്മാർത്ഥമായി പങ്കുചേരേണ്ടതാണ്.

**<u>പ്രധാനപ്രവർത്തനങ്ങൾ</u>**

സപ്തദിനസഹവാസ സ്പെഷ്യൽ ക്യാമ്പു നടക്കുന്ന വാർഡുകളിൽ എൻഎസ്എസ് യൂണിറ്റിന്റെ നേതൃത്വത്തിൽ പഞ്ചായത്തിന്റെ സഹകരണത്തോടെ ആരോഗ്യശുചിത്വകമ്മിറ്റി വിളിച്ചുകൂട്ടുകയും അതിലേയ്ക്ക് വിവിധ സന്നദ്ധ സംഘടനകൾ, റസിഡൻഷ്യൽ അസോസിയേഷൻ, വ്യാപാരവ്യവസായസമിതി അംഗങ്ങൾ, കുടുംബശ്രീ, ആശാപ്രവർത്തകർ , വിദ്യാലയങ്ങളിൽ നിന്നുള്ള പ്രതിനിധികൾ എന്നിവരെ പങ്കെടുപ്പിക്കുകയും മാലിന്യനിർമ്മാർജന പരിപാടിയെക്കുറിച്ച് വിശദമായി ചർച്ച ചെയ്യേണ്ടതുമാണ്.

വിവിധ പ്രദേശങ്ങളുടെ സാമൂഹിക, ഭൂമിശാസ്ത്രഘടനയനുസരിച്ച് വിവിധ മാതൃകകൾ നടപ്പിലാക്കാം.

ഉദാ: പ്ലാസ്റ്റിക് ശേഖരണവും അതിന്റെ പുനരുപയോഗം- ഒരു പ്രദേശത്തെ 100 വീടുകൾ പദ്ധതിയിലേയ്ക്ക് ഉൾപ്പെടുത്തുകയും ആ വീടുകളിലെ പ്ലാസ്റ്റിക് ആഴ്ചയിൽ ഒരുദിവസം വീടുകൾ സന്ദർശിച്ച് പ്ലാസ്റ്റിക് ശേഖരിച്ച് പുനരുപയോഗഫാക്ടറിയിലേയ്ക്ക് കൈമാറാം. ഇതിന്റെ ചുമതല ശുചിത്വആരോഗ്യ കമ്മിറ്റിയിൽ നിന്നു തിരഞ്ഞെടുക്കപ്പെടുന്ന ഒന്നോ രണ്ടോ പ്രദേശവാസികൾക്കായിരിക്കണം. ഈ പ്ലാസ്റ്റിക്കിൽ ശേഖരണത്തിൽ നിന്നുള്ള വരുമാനം അവർക്കുലഭ്യമാക്കുകയും വേണം.

പ്രധാനമായും നമ്മുടെ സമൂഹത്തിൽ മാലിന്യനിർമ്മാർജ്ജന പ്രക്രിയയ്ക്കുവേണ്ടി വിവിധ മാതൃകകൾ നടപ്പിലാക്കുകയും വിജയിക്കുകയും ചെയ്തിട്ടുണ്ട്. പലപ്പോഴും തുടർന്നു നടത്തിക്കൊണ്ടുപോകാനുള്ള ബുദ്ധിമുട്ടുകാരണം മാലിന്യനിർമ്മാർജ്ജന പദ്ധതി പൂർണ്ണമായും നടപ്പിൽ വരുത്തുവാൻ സാധിക്കാറില്ല, വിവിധ മാതൃകകളുടെ അടിസ്ഥാനപരമായ പ്രശ്നങ്ങൾ വേഗത്തിൽ പരിഹരിക്കുന്നതിനു വേണ്ടി ശുചിത്വ ആരോഗ്യകമ്മിറ്റിയിൽ നിന്ന് സാങ്കേതിക പരിജ്ഞാനമുള്ള ഗ്രൂപ്പിനെ തിരഞ്ഞെടുക്കുകയും അവരിലൂടെ സേവനം നടത്താവുന്നതാണ്.

ഓരോ യൂണിറ്റും ക്യാമ്പ് നടത്തുന്ന പ്രദേശത്തെ ഒന്നോ രണ്ടോ അംഗൻവാടി/എൽപി/യു.പി സ്കൂളുകളോ ദത്തെടുക്കുകയും അവിടത്തെ മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ പങ്കാളികൾ ആകേണ്ടതുമാണ്.

എൻഎസ്എസ് യൂണിറ്റിന്റെ നേതൃത്വത്തിൽ സ്പെഷ്യൽ ക്യാമ്പ് സ്ഥിതി ചെയ്യുന്ന പ്രദേശത്തെ സന്നദ്ധ പ്രവർത്തകരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് പൊതുസ്ഥാപനങ്ങൾ, റോഡ്, ഓടകൾ, തുടങ്ങിയവയുടെ ശുചീകരണപ്രവർത്തനങ്ങൾ നടപ്പിലാക്കാവുന്നതാണ്.

വീടുകളെയും വിദ്യാലയങ്ങളെയും കേന്ദ്രീകരിച്ച് മാലിന്യനിർമ്മാർജ്ജന ബോധവൽക്കരണ പരിപാടികൾ, പ്രതിജ്ഞ എന്നിവ സംഘടിപ്പിക്കാവുന്നതാണ്.

മാലിന്യനിർമ്മാർജ്ജന ബോധവൽക്കരണ ബോർഡുകൾ പൊതുസ്ഥലങ്ങളിൽ സ്ഥാപിക്കാവുന്നതാണ്.

പൊതുസ്ഥലങ്ങളിലെ ശൗചാലയങ്ങൾ, മൂത്രപ്പുര, ബസ് സ്റ്റാൻഡ്, റെയിൽവേ സ്റ്റേഷൻ തുടങ്ങിയവ പൊതുജന പങ്കാളിത്തത്തോടുകൂടി ശുചിയാക്കുകയും സംരക്ഷിക്കുകയും ചെയ്യാവുന്നതാണ്.

“ഓരോ വീട്ടിലും ഒരു മാലിന്യ സംസ്ക്കരണ യൂണിറ്റ്” എന്ന ആശയം പ്രചരിപ്പിക്കണം.ബയോ ഗ്യാസ് പ്ലാന്റ്, മണ്ണിര കമ്പോസ്റ്റ് എന്നിവയ്ക്ക് സാധ്യതയില്ലാത്ത നഗരപ്രദേശത്തെ അടുക്കള മുറ്റത്ത് സിമന്റ് ടാങ്കിൽ പകുതിഭാഗം മണ്ണുനിറച്ച് ജൈവമാലിന്യം നിക്ഷേപിച്ച് സംസ്ക്കരിക്കാം. മാലിന്യങ്ങൾ അടുക്കളത്തോട്ടത്തിലേക്കു ഉപയുക്തമാക്കാനും പരമാവധി ശ്രമിക്കണം.

## ആരോഗ്യരംഗം

ജീവിതശൈലീരോഗങ്ങൾക്കെതിരായി പ്രധാനമായും പ്രമേഹത്തെക്കുറിച്ച് സ്പെഷ്യൽ ക്യാമ്പ് നടക്കുന്ന പ്രദേശത്തെ ജനങ്ങൾക്ക് അറിവു നൽകുകയും അവരെക്കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് ദിവസവും 30 മിനിട്ട് നടത്തം സംഘടിപ്പിക്കേണ്ടതുമാണ്. ഈ പ്രവർത്തനം തുടർന്നുകൊണ്ടുപോകാൻ ആ പ്രദേശത്തെ ജനങ്ങളുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കാവുന്നതാണ്.

രക്തദാനക്യാമ്പ്, രക്തഗ്രൂപ്പ്നിർണ്ണയ ക്യാമ്പ്, നേത്രരോഗ കാഴ്ച നിർണ്ണയ ക്യാമ്പ്, ആരോഗ്യപരിശോധനാ ക്യാമ്പുകൾ എന്നിവ പൊതുജനപങ്കാളിത്തത്തോടെ നടപ്പിലാക്കാവുന്നതാണ്.

അവയവദാന ബോധവൽക്കരണപരിപാടികളും, അവയവദാനസമ്മതപത്രശേഖരണവും നടപ്പിലാക്കാവുന്നതാണ്.

## പരിസ്ഥിതി സംരക്ഷണം – ഹരിതം ഹരിതസ്പർശം രണ്ടാംഘട്ടം

സപ്തദിന സഹവാസ സ്പെഷ്യൽ ക്യാമ്പിന്റെ ഒരുദിവസം **''ഹരിതം ഹരിതസ്പർശം – പരിസ്ഥിതി വിജ്ഞാനം ഗ്രാമങ്ങളിലേക്ക്''** എന്ന പദ്ധതിയുടെ രണ്ടാംഘട്ടം നടത്തേണ്ടതാണ്.

സപ്തദിന ക്യാമ്പ് സ്ഥിതിചെയ്യുന്ന പ്രദേശത്തെ ജലസ്രോതസ്സുകളുടെ ശുചീകരണ പ്രവർത്തനങ്ങൾ, വൃക്ഷത്തൈ നടൽ, പുഴകളുടെ തീരസംരക്ഷണം, കിണർ റീചാർജിംഗ്, മഴ ക്കുഴികൾ തുടങ്ങിയവ കർമപദ്ധതികളായി നടപ്പിലാക്കാം. പരിസ്ഥിതി സംരക്ഷണത്തിന് പ്രാധാന്യമുള്ള ഹ്രസ്വചിത്രം/ഡോക്യുമെന്ററി എന്നിവ സാമൂഹിക പങ്കാളിത്തത്തോടെ പ്രദർശിപ്പിക്കാം.

ക്യാമ്പ് സ്ഥിതി ചെയ്യുന്ന പ്രദേശത്തെ വിദ്യാർത്ഥികളെയും പൊതുജനങ്ങളെയും ഉൾപ്പെടുത്തി പശ്ചിമഘട്ടജൈവവൈവിധ്യത്തെക്കുറിച്ചും പശ്ചിമഘട്ടസംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്താം. നമ്മുടെ പരിസ്ഥി തിയും മണ്ണും ജൈവസമ്പത്തും കാത്തു സൂക്ഷിക്കുവാനും നിലനിർത്തുവാനും പ്രേരണ നൽകും വിധം പരിപാടി ക്രമീകരിക്കണം.

## കൃഷിക്കൂട്ടം – അടുക്കളത്തോട്ട നിർമ്മാണം

2014 UN അടുക്കളത്തോട്ട വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി ഹയർ സെക്ക ണ്ടറി നാഷണൽ സർവ്വീസ് സ്കീം നടത്തിവരുന്ന അടുക്കളത്തോട്ട നിർമ്മാണവും പരിപാല നവും തുടർന്നും ഈ ക്യാമ്പിലും നടത്താവുന്നതാണ്. അടുക്കളത്തോട്ട നിർമ്മാണം പദ്ധതിയുടെ ഭാഗമായി ക്യാമ്പ് നടത്തുന്ന പ്രദേശത്തെ വീടുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കണം. നാല് വീതം വോളണ്ടിയർമാരുടെ സംഘം 20 വീടുകളിൽ ചാക്കുകളിൽ മണ്ണ് നിറച്ച് പച്ചക്കറി കൃഷി ആരംഭിച്ച് നൽകണം. സ്ഥല ജല ലഭ്യതയനുസരിച്ച് മറ്റു മാർഗ്ഗങ്ങളും സ്വീകരിക്കാം. വിപുലമായ പ്രചരണ പരിപാടി സംഘടിപ്പിച്ച് മതിയായ ലോക്കൽ പ്രാതിനിധ്യം ലഭ്യമാക്കണം.

## വിദ്യാഭ്യാസവും തൊഴിൽ നൈപുണ്യം

നാഷണൽ സർവ്വീസ് സ്കീം വോളണ്ടിയർമാരെ ഉൾപ്പെടുത്തിക്കൊണ്ട് വിവിധങ്ങളായ തൊഴിൽ നൈപുണ്യ പരിശീലനങ്ങളിൽ ഏർപ്പെടാവുന്നതാണ്. രണ്ടു തൊഴിലുകൾ എങ്കിലും ക്യാമ്പുമായി ബന്ധപ്പെട്ട് വോളണ്ടിയർമാർക്ക് പരിശീലനം നൽകേണ്ടതാണ്.

"വിദ്യാഭ്യാസം സാമൂഹിക ഇടപെടലുകളിലൂടെ" എന്ന ആശയം പ്രാവർത്തികമാക്കുകയും അതിലൂടെ വ്യക്തിത്വ വികാസം സാധ്യമാക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തണം. സാമൂഹിക മാറ്റത്തിനുതകുന്ന തരത്തിലുള്ള ആശയ പ്രചരണമാണ് എൻ.എസ്.എസ് നടത്തേണ്ടത്. അതിനാൽ എൻ.എസ്.എസ് സദസ്സുകളിൽചർച്ച ചെയ്യപ്പെടുന്ന വിഷയങ്ങൾ അതിൽ പങ്കെടുക്കുന്ന മുഴുവൻ അംഗങ്ങൾക്കുംഉൾക്കൊള്ളാനും പ്രാവർത്തികമാക്കാനും കഴിയണം. അതിന് ഉതകുന്ന തരത്തിലാകണം പരിപാടികളുടെ ക്രമീകരണവും ആശയവിനിമയവും.

എൻ.എസ്.എസ്. വേദികളിലേയ്ക്ക് ജനപ്രതിനിധികളേയും മറ്റ് പ്രമുഖരേയും ക്ഷണി ക്കേണ്ടതാണ്. പ്രമുഖ വ്യക്തികളുടെ പ്രസംഗങ്ങളേക്കാളുപരി അവരുമായ ആശയവിനിമയ ത്തിനായി വോളണ്ടിയർമാർക്ക് അവസരമൊരുക്കണം. ക്യാമ്പിൽ സന്ദർശനം നടത്തുന്ന പ്രമുഖ വ്യക്തികളുമായി മുഖാമുഖം പരിപാടി സംഘടിപ്പിക്കാം. സകല പ്രവർത്തനങ്ങ ളുടെയും ഡോക്യുമെന്റേഷൻ അതാത് സമയത്ത് തന്നെ നടത്തുവാൻ വോളണ്ടിയർമാരെ ചുമ തലപ്പെടുത്തണം.

## ജില്ലാ കൺവീനർ/പിഎസി അംഗങ്ങൾ/ പ്രോഗ്രാം ഓഫീസർ എന്നിവരുടെ ശ്രദ്ധയ്ക്ക്

ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീം സംസ്ഥാനത്തു തിരഞ്ഞെടുക്കപ്പെട്ട വോളണ്ടിയർമാരുമായി ദേശീയോദ്ഗ്രഥന പരിപാടി സംഘടിപ്പിച്ചിരുന്നു. ദേശീയബോധം വളർത്തുവാനും പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുന്നതിനുമായി സംഘടിപ്പിച്ച പരിപാടിയിൽ പങ്കെടുത്ത വോളണ്ടിയർമാർ അതാത് യൂണിറ്റിലും അടുത്തുള്ള യൂണിറ്റുകളിലും സ്പെഷ്യൽ ക്യാമ്പ് സമയത്ത് ഉച്ചയ്ക്കുശേഷം പങ്കെടുക്കുകയും ദേശീയോദ്ഗ്രഥന യാത്രയിലൂടെ അറിവും അനുഭവവും പങ്കുവയ്ക്കേണ്ടതാണ്.

2013 ലെ സ്പെഷ്യൽ ക്യാമ്പിൽ പങ്കെടുക്കാൻ കഴിയാതിരുന്ന രണ്ടാം വർഷ എൻഎസ്എസ് വോളണ്ടിയർമാരായി തുടരുന്ന വിദ്യാർത്ഥികൾ 2014 ഡിസംബറിലെ സ്പെഷ്യൽ ക്യാമ്പിൽ പങ്കെടുക്കുന്നതിന് എൻഎസ്എസ് സെല്ലിൽ നിന്നും അനുമതിപത്രം വാങ്ങേണ്ടതും സ്പെഷ്യൽ ക്യാമ്പിൽ സൂക്ഷിക്കേണ്ടതുമാണ്. അനുമതിപത്രം ലഭിക്കാത്ത രണ്ടാംവർഷ വോളണ്ടിയർമാരെ സ്പെഷ്യൽ ക്യാമ്പിൽ പങ്കെടുപ്പിക്കാൻ പാടുള്ളതല്ല.

എൻറോൾമെന്റുമായി ബന്ധപ്പെട്ട്, എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിലവിലുള്ള അൺഎയ്ഡഡ് ബാച്ചുകളിലെ വിദ്യാർത്ഥികളെ എൻഎസ്എസിന്റെ എൻ റോൾമെന്റ് ലിസ്റ്റിൽ ഉൾപ്പെടുത്തുവാനോ സ്പെഷ്യൽ ക്യാമ്പിൽ പങ്കെടുപ്പിക്കുവാനോ പാടുള്ളതല്ല. അപ്രകാരം ഉൾപ്പെടുത്തിയിട്ടുള്ള വിദ്യാർത്ഥികളെ എൻറോൾമെന്റ് ലിസ്റ്റിൽ നിന്ന് ഒഴിവാക്കേണ്ടതാണ്. അതിനു വിപരീതമായി പ്രവർത്തിക്കുന്ന യൂണിറ്റുകൾ റദ്ദാക്കുന്നതാണ്.

**എൻറോൾമെന്റ് ലിസ്റ്റിൽ യാതൊരുവിധ മാറ്റവും അനുവദനീയമല്ല. എൻറോൾമെന്റ് ലിസ്റ്റിൽ ഉൾപ്പെടാത്ത വിദ്യാർത്ഥികളെ സ്പെഷ്യൽ ക്യാമ്പിൽ പങ്കെടുപ്പിക്കാൻ പാടുള്ളതല്ല. രണ്ടാം വർഷ വോളണ്ടിയർമാരെ ക്യാമ്പ് സന്ദർശിക്കുവാനും ഒന്നാം വർഷ വോളണ്ടിയർമാരുമായി അനുഭവം പങ്കുവയ്ക്കാനുള്ള അവസരം നൽകേണ്ടതാണ്. എന്നാൽ ക്യാമ്പിൽ താമസിക്കുവാനുള്ള അനുമതി നൽകാൻ പാടില്ല.**

**സ്പെഷ്യൽ ക്യാമ്പിൽ അധ്യാപികമാരുടെയും അധ്യാപകരുടെയും സാന്നിദ്ധ്യവും സഹകരണവും പ്രിൻസിപ്പൽമാർ പ്രത്യേകം ഉറപ്പു വരുത്തേണ്ടതാണ്. എൻറോൾമെന്റ് ലിസ്റ്റിൽ ഉൾപ്പെട്ടവർ മാത്രമേ സ്പെഷ്യൽ ക്യാമ്പിൽ പങ്കെടുക്കുന്നുള്ളൂവെന്ന് പ്രോഗ്രാം ഓഫീസർ, പിഎസി അംഗങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.**

സപ്തദിനസഹവാസ ക്യാമ്പിൽ പ്രോഗ്രാം ഓഫീസർ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. പ്രോഗ്രാം ഓഫീസർമാർ മറ്റ് അധ്യാപക/അനധ്യാപകർക്ക് ക്യാമ്പ് ചുമതല കൈമാറി ചില ദിവസങ്ങളിൽ ക്യാമ്പിൽ നിന്ന് വിട്ടു നിൽക്കുന്ന പ്രവണത ശ്രദ്ധയിൽപെട്ടിട്ടുണ്ട്. അങ്ങനെയുള്ള യാതൊരുവിധ തെറ്റായ കീഴ്വഴക്കവും അനുവദിക്കുന്നതല്ല. അത്യാവശ്യഘട്ടത്തിൽ ക്യാമ്പിൽ നിന്ന് വിട്ടുനിൽക്കേണ്ട സന്ദർഭം ഉണ്ടായാൽ പിഎസി അംഗത്തെയോ/ജില്ലാ പ്രോഗ്രാം കൺവീനറയോ അറിയിച്ച് അനുമതി വാങ്ങേണ്ടതാണ്.

ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ, പോലീസ്, ആശുപത്രി, ജനപ്രതിനിധികൾ, സന്നദ്ധ സംഘടനകൾ, ക്യാമ്പ് പ്രദേശത്തെ പ്രമുഖ വ്യക്തികൾ എന്നിവരെ സ്പെഷ്യൽ ക്യാമ്പ് മുൻകൂട്ടി അറിയിക്കേണ്ടതാണ്.

ഓരോ ക്യാമ്പിനും രണ്ടു ബാനർ ഉണ്ടായിരിക്കേണ്ടതും ഒരു ബാനർ ക്യാമ്പിലേയ്ക്കും മറ്റൊരു ബാനർ പൊതുജനങ്ങൾക്ക് വ്യക്തമായി കാണുന്നവിധത്തിലും ക്യാമ്പിലേയ്ക്കുള്ള പ്രവേശന കവാടത്തിലും ആയിരിക്കണം.

നോട്ടീസിൽ രേഖപ്പെടുത്തിയ ദിവസങ്ങളിൽ ക്യാമ്പ് ആരംഭിക്കുകയും അവസാനിപ്പിക്കുകയും വേണം.

സ്പെഷ്യൽ ക്യാമ്പിനു മുൻപായി സ്വാഗതസംഘം രൂപീകരിച്ച് പ്രവർത്തനങ്ങൾ തീരുമാനിയ്ക്കേണ്ടതാണ്. സ്പെഷ്യൽ ക്യാമ്പു നോട്ടീസ് ഡിസംബർ 18 നുമുമ്പായി എൻഎസ്എസ് സെല്ലിൽ ലഭ്യമാക്കേണ്ടതാണ്.

- നോട്ടീസിന്റെ മാതൃക ചുവടെ ചേർക്കുന്നു.

എല്ലാ എൻഎസ്എസ് കുടുംബാംഗങ്ങൾക്കും ക്യാമ്പ് വിജയത്തിലെത്തിക്കുവാൻ ആശംസകൾ നേരുന്നു.

ഒപ്പ്
പ്രോഗ്രാം കോ ഓഡിനേറ്റർ

**ഉദ്ഘാടന സമ്മേളന നോട്ടീസിന്റെ മാതൃക**

എൻഎസ്എസ് ഗീതം

സ്വാഗതം :

അദ്ധ്യക്ഷൻ : ശ്രീ. എ.സുബൈർകുട്ടി, പ്രോഗ്രാം കോ-ഓഡിനേറ്റർ
ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ്

ഉദ്ഘാടനം :

മുഖ്യപ്രഭാഷണം :

ആശംസകൾ :

കൃതഞ്ജത :